# തെങ്കാശിയിലെ സ്ഫോടന നാടകം



തെങ്കാശിയിലെ ആർ.എസ്.എസ് ഓഫീസിൽ സ്ഫോടനം നടത്തി പിടിയിലായ ആർ.എസ്.എസ് പ്രവർത്തകർ

**പള്ളിയിലോ** ക്ഷേത്രത്തിലോ അങ്ങാടിയിലോ എവിടെ സ്ഫോടനം നടന്നാലും അടുത്ത നിമിഷം അതിന്റെ മുഴുവൻ ഉത്തരവാദിത്വവും നമ്മുടെ അന്വേഷണ ഏജൻസികളും മീഡിയയും മുസ്‌ലിം പേരുള്ള ചില സംഘടനകളുടെ തലയിൽ കെട്ടിവെക്കും. സ്ഫോടനം ആർ.എസ്.എസ് കാര്യാലയത്തിലാണെങ്കിലോ? പിന്നെ കഥ പറയുകയും വേണ്ട. തമിഴ്നാട്ടിലെ തെങ്കാശിയിൽ സംഭവിച്ചത് അതാണ്. 2008 ജനുവരി 24-ന് തെങ്കാശിയിലെ ആർ.എസ്.എസ് ഓഫീസിലും നഗരത്തിലെ ബസ്സ്റ്റാന്റിലും ഉഗ്ര സ്ഫോടനം നടന്നു. 'മുസ്‌ലിം ഭീകരരെ' പിടികൂടണമെന്ന് ആവശ്യപ്പെട്ട് സംഘ്പരിവാരം ഒന്നടങ്കം തെരുവിലിറങ്ങി. പതിവു പോലെ കഥകൾ മെനഞ്ഞ് മീഡിയ സംഘർഷത്തിന് എരിവ് കൂട്ടി.

സാധാരണ ഏത് സംസ്ഥാന പോലീസും ഇതുപോലുള്ള സന്ദർഭങ്ങളിൽ കുറെ മുസ്‌ലിം നിരപരാധികളെ പിടിച്ച് അകത്തിടുകയാണ് പതിവ്. തമിഴ്നാട് പോലീസ് ആ പതിവ് തെറ്റിച്ചു. സംഘ്പരിവാറും മീഡിയയും ഛർദിച്ച വിഷം കൈയേൽക്കാതെ ഡി.ഐ.ജി കണ്ണപ്പന്റെ നേതൃത്വത്തിൽ പോലീസ് സംഭവത്തെക്കുറിച്ച് സ്വതന്ത്രമായി അന്വേഷിച്ചു. കുറ്റവാളികളെ പിടിക്കാൻ ഒട്ടും പ്രയാസമുണ്ടായില്ല. ആർ.എസ്.എസ് ഓഫീസിൽ ബോംബ് വെച്ചത് ആർ.എസ്.എസുകാർ തന്നെ! എസ്. രവി പാണ്ഡ്യൻ, എസ്. കുമാർ, വി. നാരായണ ശർമ എന്നീ ആർ.എസ്.എസ് പ്രവർത്തകരാണ് പിടിയിലായത്. അവരെ സഹായിച്ച നാലുപേരെ കൂടി പിന്നീട് അറസ്റ്റു ചെയ്തു. നഗരത്തിൽ ഹിന്ദു-മുസ്‌ലിം സംഘർഷമുണ്ടാക്കാനാണ് തങ്ങൾ സ്ഫോടനം നടത്തിയതെന്ന് പ്രതികൾ കുറ്റമേൽക്കുകയും ചെയ്തു.

തെങ്കാശി എന്നാൽ 'തെക്ക് ഭാഗത്തെ കാശി' എന്നാണർഥം. ഇവിടുത്തെ കാശി വിശ്വനാഥ ക്ഷേത്രം വലിയൊരു തീർഥാടന കേന്ദ്രമാണ്. ഹിന്ദുക്കളും മുസ്‌ലിംകളും ക്രിസ്ത്യാനികളും ഒരുമയോടെ കഴിയുന്ന നഗരം. ഈ സൗഹൃദം പൊളിക്കാൻ ഹിന്ദുമുന്നണി കാലങ്ങളായി ശ്രമിക്കുന്നു. ഇവിടുത്തെ പുരാതനമായ മസ്ജിദ് പുതുക്കി പണിയുന്നതുപോലും ഇവർ എതിർത്തു. പക്ഷേ, ജനങ്ങളെ ഇളക്കി വിടാൻ കഴിഞ്ഞില്ല. അപ്പോഴാണ് ഹിന്ദുമുന്നണി പ്രവർത്തകനായ കുമാര പാണ്ഡ്യൻ 2006 ഡിസംബറിൽ കൊല്ലപ്പെടുന്നത്. കൊല്ലുന്നതോ ഒരു 'മുസ്‌ലിം' ഗുണ്ടാസംഘവും. വ്യക്തിപരമായ വൈരാഗ്യമാണ് കാരണം. ഇത് സംഘ്പരിവാരത്തിന് നല്ലൊരു അവസരമായി. 2007 ഓഗസ്റ്റ് 14-ന് ആറു പേരാണ് (മൂന്ന് ഹിന്ദുക്കളും മൂന്ന് മുസ്‌ലിംകളും) ഇവിടെ കൊലചെയ്യപ്പെട്ടത്. പുകയുന്ന സംഘർഷം ആളിക്കത്തിക്കാനായിരുന്നു ആർ.എസ്.എസ് ഓഫീസിലെ സ്ഫോടന നാടകം.

തെങ്കാശിയെ മറ്റൊരു കോയമ്പത്തൂരാക്കാനായിരുന്നു സംഘ്പരിവാരത്തിന്റെ ശ്രമം. കോയമ്പത്തൂരിലെ വർഗീയ സംഘർഷം വോട്ടാക്കി മാറ്റാൻ അവർക്ക് കഴിഞ്ഞിരുന്നു. വലിയൊരു പൊട്ടിത്തെറി ഒഴിവാക്കിയതിന്റെ മുഴുവൻ ക്രെഡിറ്റും തമിഴ്നാട് പോലീസിന് അവകാശപ്പെട്ടതാണ്.

# നിയമ പോരാട്ടം വിജയത്തിലേക്ക്

**ഗുജറാത്ത്** കലാപത്തിന്റെ ഇരകൾക്ക് നിയമസഹായമെത്തിക്കാനുള്ള പോരാട്ടത്തിലാണ് ഡോ. ശക്കീൽ അഹ്മദ്. സംസ്ഥാന ഭരണകൂടത്തിന്റെ ഭീഷണികളെയും സമ്മർദങ്ങളെയും അതിജീവിച്ചാണ് സെൽ ഫോർ ലീഗൽ ഹെൽപ്പ് ആൻഡ് ഗൈഡൻസിന്റെ (CLHG) പ്രവർത്തനങ്ങളുമായി അദ്ദേഹം മുന്നോട്ടു പോകുന്നത്. ഇസ്‌ലാമിക് റിലീഫ് കമ്മിറ്റി ഗുജറാത്തി(IRCG)ന്റെ കീഴിലാണ് സെൽ പ്രവർത്തിക്കുന്നത്. അത്യന്തം കിരാതമായ ബിൽക്കീസ് ബാനു സംഭവത്തിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടത് ശക്കീൽ അഹ്മദിന്റെ നിയമ പോരാട്ടത്തിന്റെ കൂടി വിജയമാണ്.



ഡോ.ശക്കീൽ അഹ്മദ്

'ഇതൊരു ചരിത്ര പ്രധാനമായ വിധിയാണ്. കാരണം വർഗീയ കലാപത്തിലെ പ്രതികൾ ശിക്ഷിക്കപ്പെടുക ഇന്ത്യയിൽ വളരെ അപൂർവമാണ്. അതായത് വർഗീയ കലാപങ്ങളിൽ പ്രതിചേർക്കപ്പെടുന്നവരിൽ ഒരു ശതമാനം പോലും ശിക്ഷിക്കപ്പെടുന്നില്ല' - ശക്കീൽ അഹ്മദ് പറഞ്ഞു. ബിൽക്കീസ് ബാനുവിനെ ഉരുക്കുവനിത എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. ഈ വനിത പ്രകടിപ്പിച്ച ധീരത എല്ലാവരുടെയും കണ്ണ് തുറപ്പിക്കണം.

പൊതുസമൂഹവും മുസ്‌ലിംകൾ വിശേഷിച്ചും മനസ്സിലാക്കേണ്ട ഒരു സത്യമുണ്ട്. ഏതൊരു കേസും നിയമപരമായി വേണ്ടവിധം പിന്തുടർന്നാൽ നീതി ലഭിക്കുക തന്നെ ചെയ്യും.

കലാപക്കേസുകളുടെ വിചാരണ ഗുജറാത്തിൽനിന്ന് ഇതര സംസ്ഥാനങ്ങളിലേക്ക് മാറ്റിയതുകൊണ്ട് മാത്രം പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ലെന്നും ശക്കീൽ അഹ്മദ് ചൂണ്ടിക്കാട്ടി. 'ഒന്നാമത് എല്ലാ കേസുകളും മറ്റൊരു സംസ്ഥാനത്തേക്ക് മാറ്റുക അപ്രായോഗികമാണ്. സുപ്രീം കോടതി ഇടപെട്ട പ്രധാനപ്പെട്ട ഒമ്പതു കേസുകളിൽ രണ്ടെണ്ണം മാത്രമാണ് മറ്റു സംസ്ഥാനത്തേക്ക് മാറ്റിയതും വിധി പ്രസ്താവമുണ്ടായതും. ഗുജറാത്ത് പോലീസ് അന്വേഷണം അവസാനിപ്പിച്ച 2170 കേസുകളിൽ വീണ്ടും അന്വേഷണം ആരംഭിച്ചത് ശുഭ സൂചനയാണെങ്കിലും ആ ഫയലുകൾ ക്ലോസ് ചെയ്ത അതേ പൊലീസ് തന്നെയാണ് പുനരന്വേഷണം നടത്തുന്നത് എന്ന പ്രശ്നമുണ്ട്.'

നിയമ പോരാട്ടത്തിന് ഇറങ്ങിയതിന്റെ പേരിൽ ശക്കീൽ അഹ്മദിന്റെ മകനെ സംസ്ഥാന ഭരണകൂടം കള്ളക്കേസിൽ കുടുക്കി. 'അതിലെനിക്ക് പരിഭവമില്ല. ഹർഷ് മന്ദർ, ടീസ്റ്റ സെറ്റൽവാദ്, മലിക സാരാബായ് തുടങ്ങിയ നിരവധി മനുഷ്യാവകാശ പ്രവർത്തകരും ഇതിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ടിട്ടുണ്ടല്ലോ. പൊതുസമൂഹത്തിന്റെ ക്രിയാത്മക ഇടപെടലാണ് ഞങ്ങൾക്ക് പ്രതീക്ഷ നൽകുന്നത്' - ശക്കീൽ അഹ്മദ് പറഞ്ഞു.